# കുടിയേറ്റ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട ടീച്ചിങ്: ടീംസ്

**(Teaching that Matters for Migrant Students: TEAMS)**

സ്കോട്ട്ലൻഡ്, ഫിൻലാൻഡ്, സ്വീഡൻ എന്നിവിടങ്ങളിലെ ഇന്റഗ്രേഷൻ ലിവറുകൾ മനസ്സിലാക്കൽ

**രക്ഷകർത്താക്കൾക്കും പരിചരണം നൽകുന്നവർക്കുമുള്ള ടീംസ് വിവരങ്ങൾ അടങ്ങിയ പത്രം (പതിപ്പ് വി2)**

ദയവായി ശ്രദ്ധിക്കുക: ഈ ഫോം മറ്റ് ഭാഷകളിലും ഫോർമാറ്റുകളിലും ലഭ്യമാണ്.

നിങ്ങളുടെ കുട്ടിയുടെ സ്കൂൾ ടീംസ് എന്ന് അറിയപ്പെടുന്ന ഒരു ഗവേഷണ പ്രോജക്റ്റിൽ പങ്കെടുക്കുകയാണ്.

## എന്താണ് ടീംസ്?

സ്കോട്ട്ലൻഡ്, ഫിൻലൻഡ്, സ്വീഡൻ എന്നിവിടങ്ങളിലെ സ്കൂളുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു അന്താരാഷ്ട്ര ഗവേഷണ പദ്ധതിയാണ് ടീംസ്. സ്കോട്ട്ലൻഡിൽ, എഡിൻബർഗ് സർവകലാശാലയിൽ നിന്നാണ് ഈ പ്രോജക്റ്റ് നടത്തുന്നത്. പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. നടാഷാ പാന്റിക് ആണ്.

വിദ്യാർത്ഥികളുടെയും അവരുടെ അധ്യാപകരുടെയും അവസരങ്ങളും വെല്ലുവിളികളും തടസ്സങ്ങളും മനസ്സിലാക്കിക്കൊണ്ട്  സെക്കൻഡറി സ്കൂളുകളിലെ കുടിയേറ്റ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അധ്യാപകരെയും സ്കൂൾ നേതാക്കളെയും സഹായിക്കുക എന്നതാണ് ഈ ഗവേഷണത്തിന്റെ ലക്ഷ്യം. ഇത് ഇപ്പോൾ മാത്രമല്ല, ഭാവിയിലും വിവിധ രാജ്യങ്ങളിലെ മറ്റ് കുടിയേറ്റ വിദ്യാർത്ഥികൾക്കും തങ്ങളുടെ സ്കൂൾ കമ്യൂണിറ്റിയിൽ തങ്ങളുടെ ഭാഗം അനുഭവവേദ്യമാക്കാൻ അവരെ സഹായിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.  സിറ്റി ഓഫ് എഡിൻബർഗ് കൗൺസിലിൻറെയും എഡിൻബർഗ് സർവകലാശാലയുടെയും നിങ്ങളുടെ കുട്ടിയുടെ സ്കൂളിലെ ഹെഡ് ടീച്ചറിൻറെയും **പൂർണമായ പിന്തുണ ഈ പ്രോജക്റ്റിന് ഉണ്ട്**.

ഈ ഗവേഷണത്തിൽ, സ്കോട്ട്ലൻഡിലെ സ്കൂളിൽ പഠിക്കുന്ന കുടിയേറ്റ വിദ്യാർത്ഥികളുടെ അനുഭവങ്ങൾ ഞങ്ങൾ കണ്ടെത്തും. അതു പോലെ തന്നെ അവരുടെ അനുഭവങ്ങൾ കുടിയേറ്റ പശ്ചാത്തലമില്ലാത്ത വിദ്യാർത്ഥികളുടെ അനുഭവങ്ങളുമായി ഞങ്ങൾ താരതമ്യം ചെയ്യുകയും ചെയ്യും.

കുടിയേറ്റ പാശ്ചാത്തലമോ അല്ലെങ്കിൽമറ്റ് പശ്ചാത്തലങ്ങളോ ഉള്ള വിദ്യാർത്ഥികളെ പിന്തുണച്ചതിന്റെ അനുഭവങ്ങൾ അറിയാൻ ഞങ്ങൾ അധ്യാപകരുമായും നിങ്ങളുടെ കുട്ടിയുടെ സ്കൂളിലെ മറ്റ് മുതിർന്നവരുമായും സംസാരിക്കുകയും ചെയ്യും.

## ഇത് എങ്ങനെയാണ് പ്രവർത്തിക്കുന്നത്?

സ്കോട്ട്ലൻഡിലെ ചില സെക്കൻഡറി സ്കൂളുകളിലെ കുടിയേറ്റ വിദ്യാർത്ഥികളുമായും അവരുടെ അധ്യാപകരുമായും ഗവേഷണ സംഘം ചേർന്ന് പ്രവർത്തിക്കും. ഫിൻലൻഡിലെയും സ്വീഡനിലെയും ഗവേഷകർ ഞങ്ങൾ ഇവിടെ ചെയ്യുന്ന അതേ രീതിയിൽ അവിടങ്ങളിലെ സ്കൂളുകളിൽ പ്രവർത്തിക്കും.

ഈ പ്രോജക്റ്റ് 2023 ഫെബ്രുവരി വരെ തുടരുമെങ്കിലും ഞങ്ങൾ നിങ്ങളുടെ കുട്ടിയുടെ സ്കൂളിൽ ഇതിൽ അൽപകാലം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അതായത് ഏതാണ്ട് മൂന്നു മാസത്തെ മൂന്നു കാലയളവുകളിലായുള്ള ചില ദിവസങ്ങളിൽ;അത് ഒരു വർഷത്തിലധികം നീളുകയും ചെയ്തേക്കാം.

എല്ലാ ആക്ടിവിറ്റികളും സ്കൂളിൽ, പ്രവർത്തി ദിവസങ്ങളിലാകും നടക്കുക. അധ്യാപകർ, കൂടാതെ/അല്ലെങ്കിൽ നിങ്ങളുടെ കുട്ടിക്ക് അറിയാവുന്ന മറ്റ് സപ്പോർട്ട് വർക്കർമാർ എന്നിവർ ഈ ആക്ടിവിറ്റി സമയത്ത് സന്നിഹിതരായിരിക്കും. അതു പോലെ തന്നെ നിങ്ങളുടെ കുട്ടിക്ക് പങ്കെടുക്കാനാകുമെന്ന് ഉറപ്പാക്കാൻ ഭാഷ പോലുള്ള അധീഷണൽ പിന്തുണയും ലഭ്യമായിരിക്കും. **ഈ ഗവേഷണം നിമിത്തം നിങ്ങളുടെ കുട്ടിക്ക് പ്രധാനപ്പെട്ട ഏതെങ്കിലും സ്കൂൾ വർക്കോ ഏൽപിച്ച ഉത്തരവാദിത്തങ്ങളോ നഷ്ടമാകില്ല.**

## എന്തൊക്കെയായിരിക്കും ഈ ഗവേഷണ പ്രവർത്തനങ്ങൾ?

ഞങ്ങൾ വിദ്യാർത്ഥികളുടെ ഗ്രൂപ്പുകളിൽചില **സർഗാത്മക ശിൽപശാലകൾ** നടത്തും. അതിൽ അവർക്ക് പല കാര്യങ്ങൾ ചെയ്യാനും സ്വന്തം കഥ പറയാനും അല്ലെങ്കിൽ അവർക്ക് ഇഷ്ടമുള്ള ഏതെങ്കിലും അനുഭവം വിവരിക്കാനും കഴിയും. വിദ്യാർത്ഥികൾക്ക് ഒരു പ്രൊഫഷണൽ ഫിലിം മേക്കറുമായി ചേർന്ന് പ്രവർത്തിക്കാനും തങ്ങളുടെ അനുഭവങ്ങളെക്കുറിച്ച് ഒരു ഹ്രസ്വചിത്രം നിർമ്മിക്കാനും കഴിയും. ഇവ എങ്ങനെ ചെയ്യണം എന്നതിൽ വിദ്യാർത്ഥികൾക്ക് ഒരു സുപ്രധാന പങ്കുണ്ടായിരിക്കും. പിന്നീട്, ഗ്രൂപ്പിലെ എല്ലാ വിദ്യാർത്ഥികളുടെയും രചനകൾ നിങ്ങളുടെ കുട്ടിയുടെ സ്കൂളിലെ മറ്റുള്ളവർക്കും കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും കാണാനായി ഒരു എക്സിബിഷൻ ഞങ്ങൾ ഒരുക്കും. ഞങ്ങൾക്ക് ഒരു പ്രോജക്റ്റ് **വെബ്സൈറ്റ്** ഉണ്ട്. നിങ്ങളും നിങ്ങളുടെ കുട്ടിയും സമ്മതിക്കുകയാണെങ്കിൽ ഈ പ്രോജക്റ്റിലെ നിങ്ങളുടെ കുട്ടിയുടെ രചന അവിടെയും കാണാനാകും.

അദ്ധ്യാപകർ വിദ്യാർത്ഥികളുമായി എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അറിയാൻ ഞങ്ങൾ സ്കൂളിലെ **ചില ക്ലാസുകളിലും പോകും.** അതോടൊപ്പം ഞങ്ങൾ വിദ്യാർത്ഥികളുമായും അധ്യാപകരുമായും സപ്പോർട്ട് സ്റ്റാഫുകളുമായും പഠിപ്പിക്കുന്നതിനെക്കുറിച്ചും പഠനത്തെക്കുറിച്ചും സ്കൂൾ കമ്യൂണിറ്റിയുടെ ഭാഗമാകുന്നതിനെക്കുറിച്ചും സംസാരിക്കും.

അധ്യാപകരുമായും ചില വിദ്യാർത്ഥികളുമായും അവരുടെ അനുഭവങ്ങളെക്കുറിച്ച് ഞങ്ങൾ **ദീർഘനേരം സംസാരിക്കും**. നിങ്ങളുടെ കുട്ടിയുമായി ഞങ്ങൾ സംസാരിച്ചിട്ടുണ്ടെങ്കിൽ, അതിന്റെ ദൈർഘ്യം ഏകദേശം 30 മിനിറ്റ് ആയിരിക്കും. നിങ്ങളും നിങ്ങളുടെ കുട്ടിയും സമ്മതിക്കുകയാണെങ്കിൽ, ഇതിൻറെ ഓഡിയോ റെക്കോർഡിങ് നിർവഹിക്കും.

നിങ്ങളുടെ കുട്ടിയുടെ പ്രായ ഗണത്തിൽപെട്ടവർ അടക്കം ചില പ്രായ ഗണങ്ങളിലുള്ള എല്ലാ വിദ്യാർത്ഥികളോടും ഒരു **ഓൺലൈൻ സർവേ** പൂർത്തിയാക്കാൻഞങ്ങൾ ആവശ്യപ്പെടും. ഈ സർവേയ്ക്ക് ഏകദേശം 20 മിനിറ്റ് എടുക്കും. സ്കൂൾ കമ്യൂണിറ്റിയുടെ ഭാഗമാകുന്നതിനെക്കുറിച്ച് വിദ്യാർത്ഥികളുടെ അനുഭവങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ ഇത് സഹായിക്കും. സ്കൂളിലെ മുതിർന്നവരുമായും മറ്റ് വിദ്യാർത്ഥികളുമായും ഉള്ള വിദ്യാർത്ഥികളുടെ ബന്ധത്തെക്കുറിച്ചും സ്കൂളുകളോടുള്ള വിദ്യാർത്ഥികളുടെ മനോഭാവത്തെക്കുറിച്ചും വിദ്യാർത്ഥികളുടെ കുടുംബങ്ങളെക്കുറിച്ചും പശ്ചാത്തലങ്ങളെക്കുറിച്ചും ഉള്ള ചോദ്യങ്ങളാണ് ഈ സർവേയിൽ ഉള്ളത്. നിങ്ങളുടെ കുട്ടിയുടെ സ്കൂളിലെ സ്റ്റാഫ് അംഗങ്ങളും വ്യത്യസ്തമായ മറ്റൊരു സർവേ പൂർത്തിയാക്കും.

## കോവിഡ്-19-ന്റെ കാര്യമോ?

സ്കൂളുകൾ വീണ്ടും എപ്പോൾ തുറക്കുമെന്ന് ഉറപ്പില്ലാത്തതിനാൽ, ചില പ്രോജക്റ്റ് ആക്ടിവിറ്റികൾ സ്കൂളിലൂടെ ഓൺലൈനിൽ ആരംഭിക്കാനാണ് ഞങ്ങൾ പദ്ധതിയിടുന്നത്. എന്നു കരുതി സ്കൂളിൽ എത്താൻ കഴിയാത്ത വിദ്യാർത്ഥികളെ ഈ ആക്ടിവിറ്റികളിൽനിന്ന് ഒഴിവാക്കും എന്ന് ഇതിന് അർത്ഥമില്ല.

## എന്റെ കുട്ടി ഇതിൽ നിർബന്ധമായും പങ്കെടുക്കേണ്ടതുണ്ടോ?

ഇല്ല, തീർച്ചയായും ഇല്ല. ഈ പ്രോജക്റ്റിൽ പങ്കെടുക്കാൻ നിങ്ങളുടെ കുട്ടിയെ നിങ്ങൾ പ്രോത്സാഹിപ്പിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെങ്കിലും, അതിന് നിങ്ങൾക്ക് ആഗ്രഹമില്ലെന്ന് സൂചിപ്പിക്കുകയും ചെയ്യാം. ഈ പ്രോജക്റ്റിൽ നിങ്ങളുടെ കുട്ടിയുടെ പങ്കാളിത്തം നിങ്ങൾ സമ്മതിക്കുകയാണെങ്കിലും, പങ്കെടുക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാൻ നിങ്ങളുടെ കുട്ടിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. നിങ്ങൾ എന്ത് തീരുമാനിച്ചാലും അത് നിങ്ങൾക്കോ നിങ്ങളുടെ കുടുംബത്തിനോ ഒരു പ്രശ്നമാകില്ല.

എപ്പോൾ വേണമെങ്കിലും ഈ പ്രോജക്റ്റിൽ പങ്കെടുക്കാനുള്ള സമ്മതം പിൻവലിക്കാൻ നിങ്ങൾക്കും നിങ്ങളുടെ കുട്ടിക്കും സ്വാതന്ത്ര്യമുണ്ടായിരിക്കും. ഏതെങ്കിലും സമയത്ത് ഇത് ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, കൂടാതെ/അല്ലെങ്കിൽ നിങ്ങളുടെ കുട്ടിയെക്കുറിച്ച് ഞങ്ങളുടെ പക്കലുള്ള വിവരങ്ങൾ ഡിലീറ്റ് ചെയ്യാൻ അല്ലെങ്കിൽ ഈ പഠനത്തെക്കുറിച്ചുള്ള പ്രശ്നങ്ങളും ആശങ്കകളും ഉന്നയിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ദയവായി ചുവടെ ബന്ധപ്പെടാനുള്ള വിവരങ്ങൾ ഉപയോഗിച്ച് അത് നിർവഹിക്കുക.

## ഈ വിവരങ്ങൾക്ക് എന്ത് സംഭവിക്കും?

ഈ ഗവേഷണം പൂർത്തിയായിക്കഴിയുമ്പോൾ, എല്ലാവരേയും സുരക്ഷിതമാക്കുന്നതിനും വ്യക്തിഗത വിവരങ്ങളൊന്നും പരസ്യമാക്കിയിട്ടില്ലെന്ന് ഉറപ്പാക്കുന്നതിനും വളരെ കർശനമായ നിയമങ്ങൾ

നിലവിലുണ്ട്. ടീമിലെ എല്ലാവർക്കും ഇത് വളരെ പ്രധാനമാണ്. ഇതിൽ ഞങ്ങൾ എഡിൻബർഗ് സർവകലാശാലയുടെ നിയമങ്ങളാണ് പാലിക്കുന്നത്. ഒരു ടീം എന്ന നിലയിൽ, ഈ പ്രോജക്റ്റ് ചെയ്യുന്നതിന് ഞങ്ങൾക്ക് യൂണിവേഴ്സിറ്റി, ദി സിറ്റി ഓഫ് എഡിൻബർഗ് കൗൺസിൽ, കൂടാതെ നിങ്ങളുടെ സ്കൂൾ ഹെഡ് ടീച്ചർ എന്നിവരിൽനിന്ന് അനുമതി ലഭിച്ചിട്ടുണ്ട്.

ഈ ഗവേഷണത്തിന്റെ ഭാഗമായി നൽകിയ എല്ലാ വിവരങ്ങളും രഹസ്യാത്മകമായും സുരക്ഷിതമായും ഭദ്രമായും സൂക്ഷിക്കും. തിരിച്ചറിയാൻ കഴിയുന്ന ഏതെങ്കിലും വിവരങ്ങൾ ഗവേഷണ ടീമിന് വെളിയിൽ

പങ്കു വയ്ക്കില്ല. മാത്രമല്ല നിങ്ങളുടെ കുട്ടിയുടെയോ കുടുംബത്തിൻറെയോ വിവരങ്ങൾ കണ്ടെത്താനാകില്ലെന്ന് ഉറപ്പാക്കാൻ പേരു വെളിപ്പെടുത്താത്ത വിധം വിവരങ്ങൾ പ്രത്യേകം സൂക്ഷിക്കും.

ഈ പ്രോജക്റ്റ് കാലയളവിലും പ്രോജക്റ്റ് പൂർത്തിയാകുമ്പോഴും ചില റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കാനും സമ്മേളനങ്ങളിൽ അവതരിപ്പിക്കാനും കഴിയും എന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഞങ്ങൾ ഇത് ചെയ്യുമ്പോൾ, പ്രോജക്റ്റിൽ നിന്നുള്ള എല്ലാ പേരുകളും മറ്റ് വ്യക്തിഗത വിശദാംശങ്ങളും പേരു വെളിപ്പെടുത്താത്ത വിധമാക്കും. ഈ പ്രോജക്റ്റ് അവസാനിച്ചുകഴിഞ്ഞാൽ, പേരു വെളിപ്പെടുത്താത്ത ഈ വിവരങ്ങൾ സർവകലാശാലയിലും നാഷണൽ ഡാറ്റാ റിപ്പോസിറ്റോറികളിലും സൂക്ഷിക്കും.

ഞങ്ങൾക്ക് ഒരു പ്രോജക്റ്റ് വെബ്സൈറ്റ് ഉണ്ട്, അതിൽനിങ്ങൾക്ക് ഞങ്ങളുടെ പ്രസിദ്ധീകരണങ്ങളെക്കുറിച്ച് കൂടുതൽ അറിയാൻ കഴിയും: https://migrant-education.net/outputs. നിങ്ങളുടെ സമ്മതത്തോടെ, നിങ്ങളുടെ കുട്ടിയുടെ അല്ലെങ്കിൽ നിങ്ങളുടെ കുട്ടിയുടെ രചനയുടെ അല്ലെങ്കിൽ കലാ സൃഷ്ടിയുടെ ഫോട്ടോകളും വെബ്സൈറ്റ് പേജുകളിൽ പോസ്റ്റ് ചെയ്യാനിടയുണ്ട്.

## അടുത്തത് എന്ത് സംഭവിക്കും?

ഈ പ്രോജക്റ്റിനെക്കുറിച്ചുള്ള രേഖാമൂലമുള്ള വിവരങ്ങൾ ഞങ്ങൾ നിങ്ങളുടെ കുട്ടിക്ക് നൽകും, കൂടാതെ നിങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരവും ലഭിക്കും.

നിങ്ങളുടെ കുട്ടിക്ക് ഈ ഗവേഷണത്തിൽ പങ്കെടുക്കാൻ സമ്മതമാണോ എന്ന് നിങ്ങളോട് ചോദിക്കും. ഇത് ഒരു രേഖാമൂലമുള്ള സമ്മത പത്രത്തിലായിരിക്കും ചോദിക്കുക. അതിൽ നിങ്ങൾ ഒപ്പിടണം. ഒപ്പിടാൻ നിങ്ങളുടെ കുട്ടിക്കും ഒരു സമ്മത പത്രം ഉണ്ടായിരിക്കും. എന്നിരുന്നാലും, നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ നിങ്ങളുടെ കുട്ടിയെ ഈ ഗവേഷണത്തിൽ ഉൾപ്പെടുത്തില്ല. ഈ പ്രോജക്റ്റ് ആരംഭിച്ചുകഴിഞ്ഞാലും നിങ്ങൾക്ക് സമ്മതം പിൻവലിക്കാം, അല്ലെങ്കിൽ നിങ്ങളുടെ കുട്ടിക്ക് എപ്പോൾ വേണമെങ്കിലും അങ്ങനെ ചെയ്യാം. നിങ്ങളോ നിങ്ങളുടെ കുട്ടിയോ പിന്മാറുകയാണെങ്കിൽ മറ്റ് പ്രശ്നങ്ങളൊന്നും ഉണ്ടാകില്ല.

**കൂടുതൽ വിവരങ്ങൾക്ക്:** ദയവായി നിങ്ങളുടെ കുട്ടിയുടെ ലിങ്ക് ടീച്ചറുമായി സംസാരിക്കുക. അദ്ദേഹത്തിന്/അവർക്ക് ഉത്തരം നൽകാൻ കഴിയാത്ത ഏതെങ്കിലും ചോദ്യങ്ങൾ നിങ്ങൾക്ക് ഉണ്ടെങ്കിൽ കൂടുതൽ വിവരങ്ങൾക്കായി ടീമിനെ നിങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്.

**ഈ വിവരങ്ങൾ അടങ്ങിയ പത്രം വായിച്ചതിന് വളരെ നന്ദി.**

ലിങ്ക് ടീച്ചർ (കൂടുതൽ വിവരങ്ങൾക്കും ഈ ഗവേഷണ സംഘവുമായി ബന്ധപ്പെടുന്നതിനും): David Dalgleish

നിങ്ങളുടെ ഡാറ്റ ഡിലീറ്റ് ചെയ്യാൻ അഭ്യർത്ഥിക്കുന്നതിന് ബന്ധപ്പെടുക:marc.sarazin@ed.ac.uk

ടീംസ് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ: natasa.pantic@ed.ac.uk ഔട്ട്റീച്ച് കോർഡിനേറ്റർ: elaine.gray@ed.ac.uk

ടീമിന് പുറത്ത് ബന്ധപ്പെടേണ്ട വ്യക്തി (പ്രശ്നങ്ങൾ, ആശങ്കകൾ, പരാതികൾ എന്നിവയ്ക്ക്): ഡോ. ഫിയോണ ഓ ഹാൻലോൺ fiona.ohanlon@ed.ac.uk